76 (985) വൈദ്യുതി പ്രസരണ വിതരണ നഷ്ടം ഒഴിവാക്കുവാൻ പദ്ധതി

ശ്രീ. ആന്റണി രാജു :
ശ്രീ. പി.സി. ജോർജ് :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ.സി. ജോസഫ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി പ്രസരണ വിതരണ നഷ്ടം ഒഴിവാക്കുവാൻ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദമാക്കുമോ;

(സി) ഗ്രാമീണ വൈദ്യുതീകരണ കോർപ്പറേഷന്റെ സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരം നൽകുമോ;

(ഡി) പുതിയ സബ്സ്റ്റേഷനുകൾ സംസ്ഥാനത്ത് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) സംസ്ഥാനത്ത് പ്രസരണ വിതരണ ശൃംഖല ശക്തമാകുന്നതോടെ വൈദ്യുതി മേഖലയിൽ ഉണ്ടാകുന്ന നേട്ടങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഗ്രാമീണ വൈദ്യുതീകരണ കോർപ്പറേഷന്റെ സഹകരണത്തോടെ മൊത്തം 453.87 കോടി രൂപ ചെലവിൽ പത്ത് 110 കെ.വി. സബ്സ്റ്റേഷനുകളും, എൺപത്തി ഒൻപത് 33 കെ.വി.സബ്സ്റ്റേഷനുകളും നിലവിലുള്ള പത്ത് 66 കെ.വി.സബ്സ്റ്റേഷനുകൾ 110 കെ.വി.ആക്കി വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള 32 സബ് സ്റ്റേഷനുകൾ 110/33 കെ.വി.ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുന്നതുമായ നിർമ്മാണ പ്രവർത്തനങ്ങളാണ് വരുന്ന രണ്ടു വർഷങ്ങൾക്കുള്ളിൽ തീർക്കുവാൻ ലക്ഷ്യമിട്ടു ചെയ്തു വരുന്നത്.

(ഡി) 1999-2000 വർഷത്തിൽ ഇപ്പോൾ നിർമ്മാണം നടക്കാത്ത 3 ജില്ലകളിൽ 33 കെ.വി. സബ്സ്റ്റേഷനുകളടക്കം മൊത്തം 459 കോടി രൂപ ചെലവിൽ പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതി ഗ്രാമീണ വൈദ്യുതീകരണ കോർപ്പറേഷന്റെ അനുമതിക്ക് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിച്ചാൽ പുതിയ സബ്സ്റ്റേഷൻ നിർമ്മിക്കുന്ന സ്ഥലങ്ങളടക്കം മറ്റു തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) സംസ്ഥാനത്ത് പ്രസരണ വിതരണ ശൃംഖല ശക്തമാകുന്നതോടെ ഇന്ന് നിലവിലുള്ള ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കാൻ സാധിക്കും. ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട വൈദ്യുതി ആവശ്യമായ അളവിൽ ലഭ്യമാക്കാം. പ്രസരണ വിതരണത്തിൽ ഇന്നുണ്ടാകുന്ന നഷ്ടം ഒരളവുവരെ കുറയ്ക്കാം. സബ്സ്റ്റേഷനുകളിലും ലൈനുകളിലും അനുഭവപ്പെടുന്ന ഓവർലോഡ് ഒരളവു വരെ കുറയും. വോൾട്ടേജ് മെച്ചപ്പെടും.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly